(എഫ്) ഇവർക്ക് ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 30 (1) ഉറപ്പു നൽകുന്ന എല്ലാ സംരക്ഷണവും, പരിരക്ഷയും സംസ്ഥാനത്തും ലഭ്യമാണ്. കൂടാതെ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷന്റെ സഹായത്തോടെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, മൽസ്യഫെഡ് എന്നീ സ്ഥാപനങ്ങൾ വഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി വളരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ, സന്നദ്ധ സംഘടനകൾ വഴിയുള്ള സ്വയം തൊഴിൽ വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ നൽകിവരുന്നു.

റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

11 (*510) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത കോർപ്പറേഷന് കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) കോർപ്പറേഷൻ രൂപീകൃതമായ ശേഷം ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) സംസ്ഥാന സർക്കാരും റെയിൽവേ മന്ത്രാലയവും തമ്മിലുള്ള ഒരു ഉഭയകക്ഷി കരാർ പ്രകാരം അപ്രോച്ച് റോഡുൾപ്പെടെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ ജോലി റോഡ്സ് ആന്റ് ബ്രിഡ്ജ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്താണ് കോർപ്പറേഷൻ ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ ജോലികളും 27 മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ പ്രാരംഭ ജോലികളും നടന്നുവരുന്നു.

(സി)

1. കൊച്ചിയിലെ ഇരുമ്പനം റെയിൽവേ മേൽപ്പാലം.
2. എയർപോർട്ട്-സീപോർട്ട് ഹൈവേയുടെ ഒന്നാംഘട്ടനിർമ്മാണം.

(ഡി) നൂതന സങ്കേതങ്ങൾ അവലംബിച്ച് കൊണ്ടുള്ള പദ്ധതി രൂപീകരണം, ഗുണനിലവാരത്തിലും നിർവ്വഹണവേഗതയിലും അധിഷ്ഠിതമായ കരാറേർപ്പാടുകൾ എന്നിവ വഴി കോർപ്പറേഷൻ മെച്ചപ്പെട്ട കാര്യനിർവ്വഹണശേഷി ആദ്യം മുതലേ സ്വായത്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly